ഉറക്കത്തിൽ ഹൃദയാഘാതം

GULF MADHYAMAM DAILY
14/6/15

# രണ്ട് കോഴിക്കോട് സ്വദേശികൾ മരിച്ചു



മുഹമ്മദ് നിസാർ

**കുവൈത്ത് സിറ്റി:** കോഴിക്കോട് സ്വദേശി ഹൃദയാഘാതംമൂലം മരിച്ചു. തിക്കോടി പുതുക്കുടി കട്ട്യാട്ട് മുഹമ്മദ് നിസാറാണ് (53) അബൂഹലീഫയിലെ താമസസ്ഥലത്ത് മരിച്ചത്. മഹ്ബൂലയിൽ ബഖാല നടത്തുകയായിരുന്ന നിസാർ വെള്ളിയാഴ്ച രാത്രി കടയടച്ച് മകൻ മുഹമ്മദ് ദാനിഷിനൊപ്പം മുറിയിലെത്തി ഉറങ്ങാൻ കിടന്നതായിരുന്നു. ഉറക്കത്തിൽ ഹൃദയാഘാതമുണ്ടായാണ് മരണം സംഭവിച്ചത്. കട്ട്യാട്ട് ഇബ്രാഹീമിന്റെയും കുഞ്ഞാമിനയുടെയും മകനാണ്. ഭാര്യ: ഷാഹിന. മറ്റു മക്കൾ: ഫാത്തിമ റഷ, ഹന്ന. മരുമകൻ: ഷഫീർ (ഖത്തർ). സഹോദരൻ അലി കട്ട്യാട്ട് കുവൈത്തിലുണ്ട്. ഒരുമ സാമൂഹികക്ഷേമ പദ്ധതി അംഗവും കെ.കെ.എം.എ മഹ്ബൂല ബ്രാഞ്ച് അംഗവുമാണ്. മൃതദേഹം നാട്ടിൽ കൊണ്ടുപോവുന്നതിനുള്ള നടപടികൾ വെൽഫെയർ കേരള കുവൈത്തിന്റെയും കെ.കെ.എം.എയുടെയും നേതൃത്വത്തിൽ നടന്നുവരുന്നു.

**കുവൈത്ത് സിറ്റി:** ഹൃദയാഘാതത്തെ തുടർന്ന് കോഴിക്കോട് സ്വദേശി മരിച്ചു. പുവാട്ടുപറമ്പ് മണ്ണാറത്തുറയിൽ അബൂതാഹിറാണ് (33) ഹസാവിയിലെ താമസസ്ഥലത്ത് മരിച്ചത്. ആന്തലുസിൽ റസ്റ്ററന്റ് ജീവനക്കാരനായ അബൂതാഹിർ ശനിയാഴ്ച ജോലി കഴിഞ്ഞുവന്ന് ഉറങ്ങാൻ കിടന്നതായിരുന്നു. ഉറക്കത്തിൽ ഹൃദയാഘാതമുണ്ടായി മരണം സംഭവിക്കുകയായിരുന്നു.

പിതാവ്: ഇമ്പിച്ചിക്കോയ. ഭാര്യയും ഒരു മകളുമുണ്ട്. കെ.എം.സി.സി ഹസാവി യൂനിറ്റ് അംഗമാണ്. മൃതദേഹം നാട്ടിൽ കൊണ്ടുപോവുന്നതിനുള്ള നടപടികൾ വെൽഫെയർ കേരള കുവൈത്തിന്റെയും കെ.എം.സി.സിയുടെയും നേതൃത്വത്തിൽ നടക്കുന്നു.



അബൂതാഹിർ

Scanned by CamScanner